# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/04/ 2019

## ലോക്സഭാ തിരഞ്ഞെടുപ്പ് സമാധാനപരവും, സുരക്ഷിതവുമാക്കാൻ മുൻകരുതലുമായി കൊല്ലം സിറ്റി പോലീസ്.

കൊല്ലം : ലോക്സഭാ തിരഞ്ഞെടുപ്പ് സമാധാനപരവും, സുരക്ഷിതവുമാക്കാൻ മുൻകരുതലുമായി കൊല്ലം സിറ്റി പോലീസ്. ജില്ലാഭരണകൂടവുമായി ചേർന്ന് തെരഞ്ഞെടുപ്പ് കാര്യക്ഷമവും, സമാധാനപൂർണ്ണവു മാക്കുന്നതിനുള്ള നടപടികൾ കൊല്ലം സിറ്റി പോലിസ് ആരംഭിച്ചു. ആദ്യപടിയായി ജില്ലയിലെ പ്രശ്നബാധിത ബുത്തുപ്രദേശങ്ങളിലെ പോലിസ് നിരീക്ഷണം ശക്തമാക്കി. കഴിഞ്ഞ തവണകളിൽ ഇലക്ഷനുമായി ബന്ധപ്പെട്ട കേസ്സുകളിൽ പ്രതികളായിട്ടുള്ളവരുടെയും, മറ്റ് സ്ഥിരം കുറ്റവാളികളുടെയും വിവരശേഖരണം നടത്തി ഇത്തരക്കാരെ രഹസ്യനിരീക്ഷണം നടത്തിവരുന്നു. 150-ഓളം മുൻ ക്രമിനൽ കേസ്സ് പ്രതികൾക്കെതിരെ നല്ലനടപ്പിനുള്ള ജാമ്യനടപടികൾ സ്വീകരിച്ചുകഴിഞ്ഞു. നിരന്തരവാഹന പരിശോധനയും, അബ്കാരി റെയിഡുകളും തുടർന്നുവരുന്നു. റെയിഡുകളിൽ മദ്യശേഖരവും, കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളും പിടിച്ചെടുത്തു. വിവിധ കേസ്സുകളിൽ ഉൾപ്പെട്ട് കോടതികളിൽ ഹാജരാകാതിരുന്ന ജില്ലയിലെ 1000-ത്തോളം വാറണ്ടുകേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതികളിൽ ഹാജരാക്കുകയുണ്ടായി. ഇത്തരത്തിലുള്ള നടപടികൾ തുടർന്നുള്ള ദിവസങ്ങളിൽ കൂടുതൽ ശക്തമാക്കുമെന്ന് കൊല്ലം സിറ്റി പോലിസ് കമ്മീഷണർ പി.കെ.മധു. ഐ പി എസ് അറിയിച്ചു.